**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1761** **08-10-2021 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തെ പൊതു ഗതാഗതം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാണി. സി. കാപ്പൻ | | Shri Antony Raju<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് മിക്ക റൂട്ടുകളിലും പൊതുഗതാഗത സംവിധാനം കുറവാണെന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത റൂട്ടുകളിൽ പൊതുഗതാഗത സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ? | (എ) | കോവിഡ് നിയന്ത്രണങ്ങൾ ഇളവ് ചെയ്ത്, 2021 മാർച്ച് മാസം ഓപ്പറേറ്റ് ചെയ്ത സർവ്വീസുകൾ ഇപ്പോൾ ആരംഭിച്ചിട്ടുണ്ട് എന്നതിനാൽ പൊതുജനങ്ങൾക്ക് ആവശ്യമായ പൊതുഗതാഗത സൗകര്യം പ്രദാനം ചെയ്തിട്ടുണ്ട്. നിലവിലെ സാഹചര്യത്തിൽ യാത്രക്കാരുടെ ആവശ്യകതയനുസരിച്ചാണ് ട്രിപ്പുകൾ / സർവ്വീസുകൾ ക്രമീകരിച്ച് വരുന്നത്. യാത്രക്കാരുടെ ആവശ്യപ്രകാരം പ്രധാന ട്രിപ്പുകളും / അധിക സർവ്വീസുകളും ഇപ്പോൾ നടത്തി വരുന്നുമുണ്ട്. കോവിഡാനന്തരം യാത്രക്കാർ തീരെ കുറവുള്ളതും ഡീസൽ ചെലവിനുള്ള വരുമാനം പോലും ലഭ്യമല്ലാതെ വന്നിരുന്നതുമായ സർവ്വീസുകൾ പുന:ക്രമീകരിക്കേണ്ട സാഹചര്യം വന്നുചേർന്നിട്ടുണ്ട്. ഇത്തരത്തിൽ പുന: ക്രമീകരണം നടത്തിയതിനുശേഷം കൂടുതൽ യാത്രാസൗകര്യം ആവശ്യമെങ്കിൽ അധിക സർവ്വീസുകളും, ട്രിപ്പുകളും ഓപ്പറേറ്റ് ചെയ്യുന്ന കാര്യം പരിഗണിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ